17 (541) വ്യവസായ യൂണിറ്റുകൾ തുടങ്ങാൻ ധനസഹായം

ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : താഴെകാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് പുതുതായി എത്ര ചെറുകിട വ്യവസായ യൂണിറ്റുകൾ തുടങ്ങാൻ ഗവൺമെന്റ് ധനസഹായം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇപ്പോൾ ചെറുകിട വ്യവസായ യൂണിറ്റുകൾ തുടങ്ങാൻ എന്തെല്ലാം ആനുകൂല്യങ്ങളാണ് ഗവൺമെന്റ് നൽകിവരുന്നതെന്ന് വിശദീകരിക്കുമോ;

(സി) ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് നൽകാറുള്ള സബ്സിഡി തുക ഇപ്പോൾ നിറുത്തലാക്കിയിട്ടുണ്ടോ? എങ്കിൽ പ്രവർത്തനക്ഷമമായ ചെറുകിട വ്യവസായ യൂണിറ്റുകളെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സബ്സിഡി പുന:സ്ഥാപിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം 21-5-96 മുതൽ 31-5-2000 വരെ 2805 ചെറുകിട വ്യവസായയൂണിറ്റുകൾ തുടങ്ങാൻ സർക്കാർ, മാർജിൻമണി വായ്പ നൽകിയിട്ടുണ്ട്.

(ബി) ചെറുകിട വ്യവസായങ്ങൾക്കുള്ള മാർജിൻമണി ലോൺ പരമാവധി 1 ലക്ഷം രൂപയിൽനിന്നും 2.5 ലക്ഷം രൂപയായി വർദ്ധിപ്പിക്കുകയും പലിശനിരക്ക് 11.5% ത്തിൽനിന്ന് 9% ആയി കുറയ്ക്കുകയും ചെയ്തു. പ്രവാസി കേരളീയർ ആരംഭിക്കുന്ന വ്യവസായ യൂണിറ്റുകൾക്ക് പരമാവധി 5 ലക്ഷം രൂപയും മറ്റുള്ളവർക്ക് പരമാവധി 2.5 ലക്ഷം രൂപയും വരെ 9% പലിശ നിരക്കിൽ മാർജിൻമണി വായ്പ നൽകുന്നു.

വനിതാ വ്യവസായ സൊസൈറ്റികൾക്ക് നൽകുന്ന ഓഹരി മൂലധനം പരമാവധി 3.5 ലക്ഷം രൂപയായി വർദ്ധിപ്പിച്ചു. ഇൻഫർമേഷൻ ടെക്നോളജി യൂണിറ്റുകൾക്ക് പരമാവധി 25 ലക്ഷം രൂപ വരെയും മറ്റുള്ളവയ്ക്ക് 15 ലക്ഷം രൂപവരെയും സ്ഥിരമൂലധന നിക്ഷേപത്തിന് സബ്സിഡി നൽകിവരുന്നു. സംസ്ഥാനത്തെ ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് വിപണനത്തിനുള്ള ടെൻഡറുകളിൽ പങ്കെടുക്കുമ്പോൾ 15 % വരെയും ഐ.എസ്.ഐ സർട്ടിഫിക്കറ്റുള്ളവർക്ക് 2% കൂടിയും വില നിരക്കിൽ മുൻഗണന നൽകുന്നു. ഇത് കൂടാതെ സഹകരണ മേഖലയിലും കരകൗശല മേഖലയിലും ആരംഭിക്കുന്ന യൂണിറ്റുകൾക്ക് പ്രത്യേക ആനുകൂല്യങ്ങളും നൽകിവരുന്നു. പട്ടിക ജാതി-പട്ടികവർഗ്ഗ സംരംഭകർക്ക് പലിശരഹിത വായ്പയും ഗ്രാന്റും നൽകുന്നുണ്ട്.

മേൽപ്പറഞ്ഞവ കൂടാതെ വ്യവസായ സംരംഭകരുടെ സൗകര്യാർത്ഥം ഏകജാലക ക്ലിയറൻസ് സംവിധാനവും വ്യവസായ സമൂഹ പദ്ധതി തുടങ്ങിയവയും നടപ്പിലാക്കിവരുന്നു. അതേപോലെ വ്യവസായ യൂണിറ്റുകൾ പുന:രുദ്ധരിക്കുന്നതിനും പ്രത്യേക പദ്ധതികൾ സർക്കാർ നടപ്പിലാക്കിവരുന്നു. ചെറുകിട വ്യവസായ മേഖലകളിലെ പീഡിത യൂണിറ്റുകളെ കണ്ടെത്തി യൂണിറ്റ് പുന:രുദ്ധാരണ പദ്ധതി നടപ്പിലാക്കി. പരിസ്ഥിതി മലിനീകരണ നിയന്ത്രണ ഉപകരണങ്ങൾക്ക് മൂടക്കുന്ന തുകയുടെ 15% പരമാവധി 5 ലക്ഷം രൂപ സബ്സിഡി നൽകുന്നു. പ്രധാനമന്ത്രിയുടെ പ്രത്യേക തൊഴിൽദാനപദ്ധതി

LIBRARY ARCHIVES Kerala Legislative Assembly

പ്രകാരം അഭ്യസ്തവിദ്യരായ യുവതീയുവാക്കൾക്ക് സംരംഭങ്ങൾ ആരംഭിക്കുവാൻ 2 ലക്ഷം രൂപ വായ്പനൽകുന്നു.

(സി) സബ്സിഡി നിരുത്തലാക്കിയിട്ടില്ല. എന്നാൽ ഫണ്ടിന്റെ അപര്യാപ്തതമൂലം സബ്സിഡി വിതരണം ചെയ്യുന്നതിൽ കാലതാമസം നേരിടുന്നുണ്ട്.

18 (542) വ്യവസായ വകുപ്പിന് വകയിരുത്തിയിട്ടുള്ള ബഡ്ജറ്റ് തുക

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> :

<u>ശ്രീ. പി.പി. തങ്കച്ചൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) 1998-99, 1999-2000 എന്നീ ഓരോ വർഷത്തേയും ബഡ്ജറ്റിലും ഉപധനാഭ്യർത്ഥനകളിലുംകൂടി വ്യവസായവകുപ്പിന് വകയിരുത്തിയ തുക എത്രയായിരുന്നു;

(ബി) ബഡ്ജറ്റിലും ഉപധനാഭ്യർത്ഥനകളിലും കൂടി ഓരോ വർഷത്തേയ്ക്കും അനുവദിച്ച തുകയിൽ എന്തു തുകവീതം ചെലവഴിച്ചിട്ടുണ്ട്;

(സി) ഓരോ വർഷത്തേയ്ക്കും അനുവദിച്ച തുക മുഴുവൻ ചെലവഴിക്കാത്തപക്ഷം അതിനുള്ള കാരണമെന്തെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 1998-99 ൽ 3,72,66,01.000 രൂപയും 1999-2000 ൽ 3,25,41,55,000 രൂപയും.

(ബി) 1998-99 ൽ 3,07,78,30,555 രൂപ ചെലവഴിച്ചിട്ടുണ്ട്. 1999-2000 ലെ കണക്കുകൾ അക്കൗണ്ടന്റ് ജനറൽ പൂർത്തീകരിച്ചിട്ടില്ല.

(സി) നിശ്ചിത സമയത്തിനുള്ളിൽ ഭരണാനുമതി ലഭിക്കാത്തതുകൊണ്ടും ചില പദ്ധതികൾക്ക് ടെക്നിക്കൽ കമ്മിറ്റിയിൽ നിന്നും അനുമതി ലഭിക്കാത്തതിനാലും മറ്റ് ചില പദ്ധതികൾക്ക് കേന്ദ്ര ഗവൺമെന്റിന്റെ അനുമതി/തുടർച്ചാനുമതി ലഭിക്കാത്തതുകൊണ്ടും വകമാറ്റി ചെലവഴിക്കാൻ അനുമതി ലഭിക്കാത്തതിനാലും മറ്റുമാണ്.

19 (543) ടെൽക്കിനെ ലാഭകരമാക്കാൻ നടപടി

<u>ശ്രീ. പി. രാജു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ അങ്കമാലിയിലെ ടെൽക്ക് എന്ന സ്ഥാപനം ബി.ഐ.എഫ്.ആർ.ന് റഫർ ചെയ്തിട്ടുണ്ടോ;

(ബി) ടെൽക്കിൽ നിന്നും തൊഴിലാളികളെ പിരിച്ചുവിടുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വോളന്ററി റിട്ടയർമെന്റ് സ്കീം ടെൽക്കിൽ നടപ്പാക്കിയോ; എത്രപേർക്കാണ് വി.ആർ.എസ്. നൽകിയിട്ടുള്ളത്;

(സി) ടെൽക്ക് ജീവനക്കാരുടെ ക്യാന്റീൻ സൗകര്യങ്ങൾ എന്തെങ്കിലും വെട്ടിക്കുറച്ചിട്ടുണ്ടോ; എങ്കിൽ എന്തടിസ്ഥാനത്തിലാണ് ക്യാന്റീൻ സൗകര്യം വെട്ടിക്കുറച്ചത്;

LIBRARY ARCHIVES Kerala Legislative Assembly